# 44. അഹിന്ദുക്കൾ അമ്പലത്തിൽ കടക്കാമോ?

ആകാശാൽ പതിതം തോയം
യഥാ ഗച്ഛതി സാഗരം
സർവദേവ നമസ്കാരഃ
കേശവം പ്രതി ഗച്ഛതി ...

ഭൂമിയിൽ എവിടെയും വീഴുന്ന മഴവെള്ളം സമുദ്രത്തിൽ ഒഴുകിച്ചേരുന്നതുപോലെ, ഏതു ദേവനെ നമസ്കരിച്ചാലും ആ നമസ്കാരം ഒടുവിൽ ഒരേ ഒരു സർവേശ്വരനിൽ എത്തിച്ചേരുന്നു എന്നതു് ഹിന്ദുമതത്തിന്റെ അടിസ്ഥാന തത്ത്വമാണു്. ഹിന്ദുമതത്തിനു് ഉള്ളതായി പറയപ്പെടുന്ന സഹിഷ്ണുത കെട്ടിപ്പടുത്തിരിക്കുന്നതു് ഈ തത്ത്വത്തിന്മേലത്രേ.

ഇതിന്നു് അർത്ഥം ഏതു മതക്കാരനും, ഒർത്ഥത്തിൽ, ഹിന്ദുവാണെന്നാണു്; ഹിന്ദുക്കളുടെ ആരാധനകളിൽ പങ്കെടുക്കാനും ദേവാലയങ്ങൾ സന്ദർശിക്കാനും ഏതു മതക്കാരനും അവകാശമുണ്ടെന്നാണു്. ഗാന്ധിജിയുടെ പ്രാർത്ഥനായോഗങ്ങളിൽ എല്ലാ മതക്കാരുടെയും പ്രാർത്ഥനകൾ ഉൾക്കൊള്ളിച്ചിരുന്നതിന്റെ പൊരുൾ മറ്റൊന്നല്ല. ഹിന്ദുമത സാധനകളിലൂടെയെന്നപോലെ ഇസ്ലാമിക സാധനകളിലൂടെയും ക്രൈസ്തവ സാധനകളിലൂടെയും ശ്രീരാമകൃഷ്ണപരമഹംസൻ ഈശ്വരസാക്ഷാത്ക്കാരം നേടിയെന്ന വസ്തുതയും സുപ്രസിദ്ധമാകുന്നു. അന്യ മതക്കാരുടെ ആരാധനകളെ ആദരിക്കുകയും സാധ്യമെങ്കിൽ അവയിൽ പങ്കെടുക്കുകയും ചെയ്യേണ്ടതു് വിശ്വാസമുള്ള ഹിന്ദു അനുഷ്ഠിക്കേണ്ട മര്യാദ മാത്രമല്ല, ആചരിക്കേണ്ട മതകൃത്യം കൂടിയത്രേ.

ഹിന്ദുദേവാലയങ്ങളിൽനിന്നു് അന്യ മതക്കാരെ മാത്രമല്ല, ഹിന്ദുക്കളിൽത്തന്നെ ഉൾപ്പെട്ട ചില വിഭാഗക്കാരെക്കൂടി ഇടക്കാലത്തു് അകററി നിർത്തിയിരുന്നു. ഇതിനു ചരിത്രപരമായ കാരണങ്ങൾ ഉണ്ടായിരുന്നിരിക്കാം. എന്നാൽ, രാഷ്ട്രീയസ്വാതന്ത്ര്യത്തിനുവേണ്ടി സമരമാരംഭിച്ചതോടെ ഇന്ത്യയിലെ ഉദ്ബുദ്ധരായ പൗരന്മാർ ഈ അകററിനിർത്തലിന്നെതിരായ സമരംകൂടി ആരംഭിക്കുകയുണ്ടായി. കേരളത്തിൽ വൈക്കത്തും ഗുരുവായൂരിലും നടന്ന സത്യാഗ്രഹങ്ങൾ, ചില വിഭാഗക്കാരെ ക്ഷേത്രങ്ങളിൽനിന്നു് അകററി നിർത്തുന്നതിനു് എതിരായ സമരങ്ങളായിരുന്നു. ദേവാലയങ്ങളിൽ ഹരിജനങ്ങൾക്കു പ്രവേശനം അനുവദിക്കപ്പെട്ടപ്പോൾ, ഈ സമരങ്ങളുടെ ലക്ഷ്യങ്ങളിൽ ചിലതു മാത്രമേ നിറവേറിയുള്ളു. ഹിന്ദുക്കളല്ലാത്തവർക്കും ക്ഷേത്ര പ്രവേശനത്തിനുള്ള അവസരമുണ്ടാക്കുകയെന്ന ലക്ഷ്യം ഇനിയും കൈവന്നു കഴിഞ്ഞിട്ടില്ല.

മററു സംസ്ഥാനങ്ങളിലെ ദേവാലയങ്ങളിൽ അഹിന്ദുക്കൾക്കു പ്രവേശനം ഇപ്പോൾ നിഷേധിക്കപ്പെട്ടിട്ടില്ല. തങ്ങളുടെ മതമേതായാലും, ക്ഷേത്രദർശനം ആഗ്രഹിക്കുന്ന ആർക്കും മധുരയിലെ മീനാക്ഷിക്ഷേത്രത്തിലോ തിരുപ്പതിയിലെ ശ്രീവെങ്കിടേശ്വരക്ഷേത്രത്തിലോ കടന്നു് ആരാധന നടത്താം. ഈ രണ്ടു ക്ഷേത്രങ്ങൾപോലെ പ്രസിദ്ധി ഇന്ത്യയിൽ വേറെ ഏതു ദേവാലയത്തിനുണ്ടു്? ഇത്ര അധികം ആരാധകരെ ആകർഷിക്കുന്ന ക്ഷേത്രങ്ങളും ഇന്ത്യയിൽ വേറെയില്ല. ഇവയോടു താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ ഗുരുവായൂർക്ഷേത്രവും തിരുവനന്തപുരം ശ്രീപത്മനാഭസ്വാമിക്ഷേത്രവും ചെറിയ സ്ഥാപനങ്ങൾ മാത്രമാണു്.

എങ്കിലും, മധുരയിലോ തിരുപ്പതിയിലോ, ഇന്ത്യയിലെ വേറെ

ഏതെങ്കിലും ദേവാലയത്തിലോ, ഇല്ലാത്ത പല നിയന്ത്രണങ്ങളും കേരളത്തിലെ ക്ഷേത്രങ്ങളിൽ ഇന്നും എന്തിനെന്നറിയാതെ നിലനിർത്തി വരുന്നുണ്ട്.

'നായരെ, ഭവാൻതന്നെ ശുദ്ധരിൽ ശുദ്ധൻ; പുര
പോയാലെ, നമ്മൂല്യമാം ജാതിയെ രക്ഷിച്ചല്ലോ!'

എന്നു മഹാകവി വള്ളത്തോൾ ആക്ഷേപിച്ച 'അതിശുദ്ധി' ഇപ്പോൾ നായർ പുലർത്തുന്നില്ലായിരിക്കാം; കേരളത്തിലെ ക്ഷേത്രങ്ങൾ തീർച്ചയായും അതു പുലർത്തിവരുന്നുണ്ട്.

അന്യമതക്കാർക്ക്, അവർ എത്രതന്നെ ഈശ്വര വിശ്വാസികളും ആചാരനിഷ്ഠരുമാണെങ്കിലും, കേരളക്ഷേത്രങ്ങളിൽ ഇന്നും പ്രവേശനമില്ല.

വിനോബാജിപോലുള്ള ഒരു മഹാത്മാവിനുകൂടി ഗുരുവായൂർക്ഷേത്രത്തിൽ പ്രവേശിച്ച് ആരാധന നടത്താൻ കഴിഞ്ഞില്ല എന്നതാണ് ഈ 'അതിശുദ്ധിനിഷ്കർഷ'ത്തിന്റെ ഒരു ദുഷ്ഫലം. സർവമതസമാനത്വം ഒരു വ്രതമായി അംഗീകരിച്ച വിനോബാജി ഗുരുവായൂരിൽ വന്നപ്പോൾ തന്റെ ഒപ്പമുള്ള അന്യമതക്കാരായ വിശ്വാസികൾക്കുകൂടി ക്ഷേത്രസന്ദർശനത്തിന് അവസരം നൽകണമെന്ന് അപേക്ഷിച്ചു. ക്ഷേത്രാധികാരികൾ (അവസാന വിശകലനത്തിൽ കേരളസർക്കാർ) ഈ അപേക്ഷ തള്ളിക്കളഞ്ഞപ്പോൾ, തന്റെ ഈ അനുയായികളെ വിട്ടു ക്ഷേത്രം സന്ദർശിക്കാൻ വിനോബാജി വിസമ്മതിക്കുകയും ചെയ്തു. ഇതിന്റെ നഷ്ടം വിനോബാജിക്കോ ഗുരുവായൂർക്ഷേത്രത്തിനോ എന്നു വായനക്കാർ തീരുമാനിക്കുക. മഹാന്മാരുമായുള്ള സമ്പർക്കംകൊണ്ടാണു ചില സ്ഥലങ്ങൾ പുണ്യതീർത്ഥങ്ങളായിത്തീരുന്നത്; അല്ലാതെ ഒരു സ്ഥലത്തിനു മറ്റൊരു സ്ഥലത്തെ അപേക്ഷിച്ചു വിശുദ്ധിയൊന്നുമില്ല. നമ്മുടെ കാലത്തു ജീവിക്കുന്ന ഋഷിവര്യനായ വിനോബാജിക്ക് ആരാധനാ സൗകര്യം നിഷേധിച്ച ഗുരുവായൂരിനു ഹാ കഷ്ടം! എന്നേ പറയാനുള്ളൂ.

അന്യമതക്കാരെ അകത്തു കടത്തിക്കൂടാ എന്ന നിർബന്ധം മാത്രമല്ല കേരളത്തിലെ ക്ഷേത്രങ്ങൾ നിലനിർത്തിവരുന്നത്. ഹിന്ദുക്കൾതന്നെ ക്ഷേത്രത്തിൽ കടക്കുമ്പോൾ പ്രത്യേകതരത്തിൽ വസ്ത്രം ധരിക്കണമെന്നു നിഷ്കർഷിക്കപ്പെടുന്നുണ്ട്. പുരുഷന്മാർ ഷർട്ടു ധരിച്ചു ക്ഷേത്രത്തിൽ കടന്നുകൂടാ. എന്നാൽ, അതേ ഷർട്ട് ഊരി കൈയിൽവെച്ചാൽ ആർക്കും അകത്തു കടക്കാം. ഈ ആചാരത്തിലടങ്ങിയ പരിഹാസ്യത ആർക്കും വ്യക്തമാണ്. പക്ഷേ, കാടന്മാർക്കുപോലും ലജ്ജാകരമായ ഈ മണ്ടത്തം ഇന്നും കേരളക്ഷേത്രങ്ങളിൽ നിലനില്ക്കുന്നു. ഷർട്ട് ധരിക്കരുതെങ്കിൽ കാലുറയുടെ കാര്യം പറയേണ്ടതില്ല. കാലുറ ധരിച്ച പെൺകുട്ടികളെപ്പോലും ക്ഷേത്രത്തിൽ കടത്താതെ തടഞ്ഞുനിർത്തുന്നത് തിരുവനന്തപുരത്തും ഗുരുവായൂരിലും കണ്ടിട്ടുണ്ട്. ഷർട്ടും കാലുറയും നിഷിദ്ധമെങ്കിൽ തലപ്പാവിന്റെ കാര്യം പറയാനുമില്ല.

തലപ്പാവു ധരിച്ചു ക്ഷേത്രത്തിൽ പ്രവേശിക്കുന്നതു നിഷിദ്ധമായതിന്റെ ഫലം, ഇന്ത്യയിലെ പ്രഥമപൗരന്, രാഷ്ട്രപതി ജ്ഞാനി സെയിൽസിംഗിന് ഗുരുവായൂരിലും തിരുവനന്തപുരത്തും ക്ഷേത്രങ്ങളിൽ കടന്ന് ആരാധന നടത്താൻ കഴിഞ്ഞില്ലെന്നതാണ്. രാഷ്ട്രപതിയായി തിരഞ്ഞെടുക്കപ്പെട്ടശേഷം, കഴിവുള്ളടത്തൊക്കെ എല്ലാ മതക്കാരുടെയും ആരാധനാകേന്ദ്രങ്ങൾ സന്ദർശിക്കുന്നതു ശ്രീ സെയ്ൽസിംഗ് ഒരു പതിവാക്കിയിട്ടുണ്ട്. ഇന്ത്യയെപ്പോലുള്ള ഒരു ബഹു-മതരാഷ്ട്രത്തിൽ മതസൗഹാർദം നിലനിർത്തുന്നതിനു രാഷ്ട്രപതിയുടെ ഈ ആരാധനാകേന്ദ്ര സന്ദർശനം വളരെ ഉതകുമെന്നു പ്രത്യേകിച്ചു പറയേണ്ടതില്ല. സർവമത പ്രാർത്ഥനകളിലൂടെ ഗാന്ധിജി കാണിച്ചുതന്ന മാതൃകയാണ് ഈ വിഷയത്തിൽ രാഷ്ട്രപതി സെയ്ൽസിംഗ് അനുവർത്തിക്കുന്നത്.

ഹിന്ദുമതത്തിന്റെ ഒരു വിഭാഗമായാണ് സിഖ്മതം കരുതപ്പെടുന്നത്. മൂത്ത പുത്രനെ സിഖ് ആക്കുക വടക്കെ ഇന്ത്യയിലെ ഹിന്ദുകുടുംബങ്ങളിൽ നിലവിലുള്ള ഒരാചാരമാണ്. സിഖ് ആയ മൂത്ത പുത്രൻ ഹിന്ദുക്കളായ മററു കുടുംബാംഗങ്ങളോടൊന്നിച്ച് ഒരേ വീട്ടിൽ പാർക്കുന്നു. വേഷത്തിലും ചില മതാചാരങ്ങളിലും മാത്രമേ അയാൾ വ്യത്യസ്തത പുലർത്തുന്നുള്ളു. സിഖുകാരുടെ വിശിഷ്ടഗ്രന്ഥമായ ഗുരുഗ്രന്ഥസാഹിബിലെ പല ഗാനങ്ങളും ഹിന്ദുഭക്തന്മാർ രചിച്ചവയാണ്. സിഖ്മതക്കാർക്ക് ഹിന്ദുദേവാലയങ്ങളോ ഹിന്ദുക്കൾക്ക് സിഖ് ഗുരുദ്വാരകളോ സന്ദർശിച്ച് ആരാധന നടത്താൻ ഒരു കാലത്തും ഒരു തടസ്സവും ഉണ്ടായിട്ടില്ല.

ആരാധനാസ്ഥലങ്ങൾ സന്ദർശിക്കുമ്പോൾ തല മൂടിയിരിക്കുകയെന്നത് സിഖുകാരുടെ ഒരാചാരമാണ്. തലപ്പാവ് ഒരു മതചിഹ്നമായി സിഖുകാർ കരുതുന്നു. അത് എടുത്തു മാററണമെന്നു പറയുന്നത് ഒരു സിഖുകാരനെ അപമാനിക്കലാണ്.

ഇങ്ങനെയൊക്കെ ആയിരുന്നിട്ടും, തലപ്പാവു മാററിയേ അമ്പലത്തിൽ കടക്കാവൂ എന്ന് രാഷ്ട്രപതിയെ അറിയിക്കാനുള്ള ധാർഷ്ട്യമോ മൂഢതയോ രണ്ടുമോ കേരളത്തിലെ ക്ഷേത്രാധികാരികൾക്ക് ഉണ്ടായി. തമിഴ്നാട്ടിലും ആന്ധ്രപ്രദേശിലും ക്ഷേത്രങ്ങൾ സന്ദർശിച്ച രാഷ്ട്രപതി കേരളത്തിൽ ക്ഷേത്രസന്ദർശനം വേണ്ടെന്നു വെക്കുകയും ചെയ്തു. ഈ അപമാനം രാഷ്ട്രപതി സഹിച്ചെങ്കിൽ, അത് അദ്ദേഹത്തിന്റെ സൗമനസ്യംകൊണ്ടു മാത്രമാണ്. അദ്ദേഹത്തിന്റെ സൗമനസ്യത്തെ ആദരിക്കുന്നതോടൊപ്പം അദ്ദേഹത്തോടു പ്രദർശിപ്പിച്ച ധിക്കാരത്തിൽ കേരളത്തിലെ ഹിന്ദുക്കൾ അഗാധമായി ലജ്ജിക്കുകയും പശ്ചാത്തപിക്കുകയും ചെയ്യേണ്ടതുണ്ട്. രാഷ്ട്രപതിക്കു മാത്രമല്ല ഈ അപമാനം സഹിക്കേണ്ടിവന്നത് എന്നും ഓർക്കുക. അടുത്ത കാലത്തു ഗുരുവായൂർ ക്ഷേത്രം സന്ദർശിക്കാൻ വന്ന സിഖുകാരനായ വിമാനസേനാധിപനും ഇതേ ദുര്യോഗമുണ്ടായി. തലപ്പാവ് അഴിക്കുകയെന്ന അപമാനത്തിൽനിന്നു രക്ഷപ്പെടാനായി അദ്ദേഹം ഗുരുവായൂരിലെത്തിയിട്ടും ക്ഷേത്രം സന്ദർശിക്കാതെ ഗസ്റ്റ്ഹൗസിൽ ഇരുന്നു; ഭക്തയായ തലപ്പാവു ധരിക്കാത്ത, പത്നിയെ ക്ഷേത്രത്തിൽ അയയ്ക്കുകയും ചെയ്തു.

ക്ഷേത്രസന്ദർശകരുടെ വസ്ത്രധാരണം സംബന്ധിച്ച ഈ അപരിഷ്കൃതമായ നിർബന്ധം കേരളത്തിലെ ക്ഷേത്രാധികാരികൾ ഉപേക്ഷിച്ചേ തീരൂ. അതുപോലെതന്നെ അന്യമതക്കാരെ ക്ഷേത്രത്തിൽ കടക്കാനനുവദിക്കുകയില്ലെന്ന നിർബന്ധവും എത്രവേഗം കൈവിടുന്നോ അത്രയും നല്ലത്.

ഹിന്ദുക്കളല്ലാത്തവർക്കും കേരളത്തിലെ ക്ഷേത്രങ്ങളിൽ പ്രവേശനം നൽകണമെന്ന് മുഖ്യമന്ത്രി ശ്രീ കരുണാകരൻ ഈയിടെ ആവശ്യപ്പെടുകയുണ്ടായി. ഹരിജന സേവകസംഘത്തിന്റെ കേരളശാഖയുടെ ആഭിമുഖ്യത്തിൽ, ഗുരുവായൂർക്ഷേത്രം വക സത്രംഹാളിൽ സംഘടിപ്പിച്ച ക്ഷേത്രപ്രവേശന സത്യാഗ്രഹ സുവർണ ജൂബിലി ആഘോഷങ്ങളുടെ സമാരംഭം കുറിക്കുന്ന സദസ്സ് ഉദ്ഘാടനം ചെയ്തുകൊണ്ടാണ് അദ്ദേഹം ഈ ആവശ്യം ഉന്നയിച്ചത്. ക്ഷേത്രദർശനം ആഗ്രഹിക്കുന്ന ആർക്കും അതിന് അവസരം കൊടുക്കണമെന്ന് ശ്രീ കരുണാകരൻ പറഞ്ഞു. അവരുടെ മതം ഏതെന്നു നോക്കേണ്ടതില്ല; ക്ഷേത്രം സന്ദർശിക്കുമ്പോൾ അവർ ക്ഷേത്രാചാരങ്ങൾ അനുസരിക്കുന്നുണ്ടോ എന്നേ നോക്കേണ്ടു എന്നത്രേ ശ്രീ കരുണാകരന്റെ പ്രഖ്യാപിതമായ അഭിപ്രായം.

ശ്രീ കരുണാകരൻ കേരളത്തിലെ മുഖ്യമന്ത്രി മാത്രമല്ല. ഗുരുവായൂരപ്പന്റെ ഭക്തനെന്ന നിലയിൽ പ്രസിദ്ധനുമാണ് അദ്ദേഹം. കേരളത്തിലെ ക്ഷേത്ര സന്ദർശകരിൽ ബഹുഭൂരിപക്ഷത്തിന്റെ അഭിപ്രായമാണ് ശ്രീ കരുണാകരൻ പ്രകടിപ്പിച്ചത് എന്നു കരുതുന്നതിൽ തെററില്ല.

ഗുരുവായൂരപ്പന്റെ ഭക്തരെന്ന നിലയിൽ ശ്രീ കരുണാകരനേപ്പോ

ലെയോ അതിലധികമോ പ്രശസ്തരായ പലരും ഇപ്പോൾ ജീവിച്ചിരിക്കുന്നുണ്ട്. ഭാഗവത പ്രവാചകരിൽ അഗ്രേസരനായ ശ്രീ ആഞ്ഞം മാധവൻ നമ്പൂതിരി അവരിലൊരാളാണ്. ഭക്തനെന്ന നിലയിൽ ശ്രീ ആഞ്ഞത്തിനേക്കാൾ ഒട്ടും താഴെയല്ലാത്ത ഒരു സ്ഥാനമാണ് ഗാനഗന്ധർവനായ ശ്രീ യേശുദാസിനുള്ളതെന്നു ഞാൻ വിശ്വസിക്കുന്നു. തന്റെ അഭിവന്ദ്യാചാര്യനായിരുന്ന ചെമ്പൈ വൈദ്യനാഥഭാഗവതരുടെ മാതൃക പിൻതുടർന്ന്, ഈശ്വരനിൽനിന്നു തനിക്കു കൈവന്ന അപൂർവാനുഗ്രഹമായ സംഗീതവൈദഗ്ദ്ധ്യം ഉപയോഗപ്പെടുത്തി ഗുരുവായൂരപ്പനെ ഉപാസിക്കുന്നതിനുള്ള ആഗ്രഹം ശ്രീ യേശുദാസ് പലകുറി പ്രകടമാക്കിയിട്ടുണ്ട്.

മഹാകവി കുഞ്ഞിരാമൻനായർ ഗുരുവായൂരപ്പന്റെ ഭക്തനായിരുന്നല്ലോ. പരേതനായ ആ മഹാകവിയുടെ കൃതികളിൽ പ്രത്യക്ഷപ്പെടുന്നതിൽ ഒട്ടും കുറയാത്ത ഭക്തി യുവാവായ ശ്രീ യൂസഫലി കേച്ചേരിയുടെ കൃതികളിൽ സഹൃദയർക്ക് അനുഭവപ്പെടുന്നുണ്ട്. ചിദംബരത്തുനിന്നു തന്നെ അകറ്റി നിർത്തിയപ്പോൾ നന്തനാർക്കു തോന്നിയ അതേ വൈവശ്യമാണ് ഗുരുവായൂരിൽനിന്ന് അകന്നു നില്ക്കേണ്ടി വന്നപ്പോൾ ശ്രീ യൂസഫലിക്കും അനുഭവപ്പെട്ടതെന്ന്, യൂസഫലിയുടെ 'അഹൈന്ദവം' എന്ന, മലയാള സാഹിത്യത്തിൽ ശാശ്വത പ്രതിഷ്ഠാർഹമായ, കൃതി വെളിപ്പെടുത്തുന്നു.

ശ്രീ ആഞ്ഞം മാധവൻനമ്പൂതിരി ക്ഷേത്രത്തിലെത്തി ആരാധന ചെയ്തുവരുന്നു എന്നതു് ഗുരുവായൂരപ്പനു സന്തുഷ്ടി നൽകുന്നുണ്ടാവണം. പക്ഷേ, ആഞ്ഞത്തോടൊപ്പം ശ്രീ യേശുദാസും ശ്രീ യൂസഫലിയും സോപാനത്തിൽ നില്ക്കുന്നതു് കാണുമ്പോഴേ ആ ഭക്തവത്സലനു പൂർണമായ ആഹ്ലാദം കൈവരുകയുള്ളൂ എന്നാണ് എന്റെ വിശ്വാസം.

സ്പൃഹണീയമായ ഈ ലക്ഷ്യം കൈവരുത്തുവാൻ, കേരളത്തിലെ മുഖ്യമന്ത്രിയെന്ന നിലയിലും ഗുരുവായൂരപ്പന്റെ ഭക്തനെന്ന നിലയിലും ശ്രീ കരുണാകരൻ എന്തെങ്കിലും ചെയ്യുമോ?

ആദ്യം പറഞ്ഞതുപോലെ, കേരളത്തിലെ ക്ഷേത്രാരാധനയിൽ ഇന്നു കാണുന്ന നിരർത്ഥകങ്ങളായ നിയന്ത്രണങ്ങൾക്കെല്ലാം ഉത്തരവാദം വഹിക്കേണ്ടതു് അവസാന വിശകലനത്തിൽ കേരളസർക്കാർതന്നെയാണ്. ആ സർക്കാരിന്റെ തലപ്പത്തിരിക്കുന്ന മുഖ്യമന്ത്രിക്ക് ഈ ഉത്തരവാദിത്തത്തിൽനിന്ന് ഒഴിഞ്ഞു നില്ക്കാനാവില്ല.

7 ഡിസംബർ 1982

# 45. മലിനകേരളം

സയൻസിനും ടെക്നോളജിക്കുമായി ഔദ്യോഗികതലത്തിൽ ഒരു കമ്മറ്റിയെ കേരള ഗവണ്മെണ്ട് നിയമിച്ചിട്ടുണ്ട്. 'കേരളത്തിൽ പരിസ്ഥിതിയുടെ ഇന്നത്തെ നില' എന്ന പേരിൽ ഒരു റിപ്പോർട്ട് ഈ കമ്മറ്റി തയ്യാറാക്കുകയും മുഖ്യമന്ത്രി ശ്രീ കരുണാകരൻ ജൂൺ ഒമ്പതാം തീയതി അതു് തിരുവനന്തപുരത്തു് പ്രകാശിപ്പിക്കുകയും ചെയ്തു. ഈ റിപ്പോർട്ടിലെ വിവരങ്ങൾ കേരളത്തിലെ എല്ലാ ജനങ്ങളും അറിഞ്ഞിരിക്കേണ്ടതാണ്. ജനജീവിതത്തിന്റെ ഇന്നത്തെ ഗുണനിലവാരത്തെ, അഗാധമായി ബാധിക്കുന്ന കാര്യങ്ങളെപ്പറ്റിയാണ് ഈ റിപ്പോർട്ട് പ്രതിപാദിക്കുന്നതു്. അതോടൊപ്പം ജനജീവിതത്തിന്റെ നാളത്തെ നിലയെപ്പറ്റി ഗുരുതരങ്ങളായ ആശങ്കകൾക്ക് അതു് ഇടവരുത്തുന്നുമുണ്ട്.

കേരളത്തിൽ മുഖ്യമായി പത്തു നദികളാണുള്ളതു്.